بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**03-07-2026**

# ഉദാരമനസ്കനായ മഹ്ദീമസീഹ്(അ)

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ - بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ -
اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○
اِھۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡھِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡھِمۡ وَلَا الضَّآلِّیۡنَ ○

തശഹ്ഹുദ്, തഅവ്വുദ്, സൂറത്തുൽ ഫാത്തിഹ എന്നിവ ഓതിയതിന് ശേഷം ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്) അരുളി:

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദയാവായ്പും പരോപകരവുമായി ബന്ധപ്പെട്ട ചില സംഭവങ്ങൾ ഞാൻ വിവരിക്കുകയാണ്.

ഹദ്റത്ത് യഅ്ഖൂബ് അലി ഇർഫാനി സാഹിബ് (റ) വിവരിക്കുന്നു: കരകാണാ കടൽ പോലെ അവിടുന്ന് ദാനം ചെയ്യുമായിരുന്നു. അങ്ങയുടെ തൃക്കരങ്ങളിൽനിന്ന് പെയ്തിറങ്ങിയിരുന്ന മുത്തുകൾ നിർവൃതിയേകിക്കൊണ്ടിരുന്നു. റമദാൻ മാസത്തിൽ ഇത് വളരെ വർദ്ധിക്കുമായിരുന്നു.

അബ്ദുൽ ഗഫ്ഫാർ കശ്മീരി സാഹിബ് വിവരിക്കുന്നു: എന്റെ വിവാഹസമയത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) എനിക്ക് വിലപിടിച്ച രണ്ട് സ്വർണാഭരണങ്ങൾ നല്കി. മസീഹുവാദത്തിനു മുൻപ് അവിടുന്ന് ഏകാന്തജീവിതം നയിച്ചിരുന്ന കാലത്തെ സംഭവമാണിത്.

ബശീർ സാഹിബ് ഭറിയുടെ മാതാവ് വിവരിക്കുന്നു: ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിന്റെ വിവാഹവേളയിൽ പാട്ടുകാരിയായ ഒരു സ്ത്രീ മൃദംഗം കൊണ്ടു വന്ന് വായിക്കാൻ തുടങ്ങി.

ഹുസൂർ(അ) പറഞ്ഞു: മൃദംഗം വായിക്കരുതെന്ന് അവരോട് പറയൂ. അവർ ആവശ്യപ്പെടുന്നത് അവർക്ക് കൊടുത്തേക്ക്.

അങ്ങനെ അവർക്ക് നാലോ അഞ്ചോ രൂപ നല്കുകയുണ്ടായി. തുടർന്ന് അവർ തനിക്ക് തണുക്കുന്നെന്ന് പറഞ്ഞപ്പോൾ അങ്ങ് അവർക്ക് ഒരു കമ്പിളിപ്പുതപ്പ് നല്കി.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് വിവരിക്കുന്നു: ഒരു കാര്യം പരമപ്രധാനമായി മനസ്സിലാക്കണം. ഒരുവിധ വസ്ത്രത്തോടും പ്രത്യേകമായ താത്പര്യം വാഗ്ദത്ത മസീഹിന് ഇല്ലായിരുന്നു. ജീവിതത്തിലെ അവസാന വർഷങ്ങളിൽ അങ്ങയുടെ പക്കൽ തയപ്പിച്ച വസ്ത്രങ്ങൾ ധാരാളം വരുമായിരുന്നു; പ്രത്യേകിച്ചും കോട്ടുകൾ മുതലായവ. തലപ്പാവ് മിക്കപ്പോഴും വിലയ്ക്കു വാങ്ങി കെട്ടുകയാണ് ചെയ്തിരുന്നത്. വസ്ത്രങ്ങൾ വരുന്നതുപോലെത്തന്നെ ചെലവാകുകയും ചെയ്തിരുന്നു.(അതായത് തബർറുക്ക് എന്നോണം സൂക്ഷിക്കാൻ ചോദിക്കുന്നവർക്ക് നല്കുമായിരുന്നു)

ഹദ്റത്ത് മീർ മഹ്ദി ഹസൻ സാഹിബ് വിവരിക്കുന്നു: മൗലവി മുഹമ്മദ് അഹ്സൻ സാഹിബ് ഒരിക്കൽ എന്നോട് *ചശ്മയെ മസീഹി* എന്ന ഗ്രന്ഥത്തിന്റെ പ്രതി ആവശ്യപ്പെട്ടു. ഞാൻ പറഞ്ഞു: ഗവൺമെന്റ് ചിലപ്പോൾ ആവശ്യപ്പെടാറുള്ളതിനാൽ നിശ്ചിത എണ്ണം കോപ്പികൾ ഓഫീസിലുണ്ടായിരിക്കണമെന്ന് ഹുസൂർ നിർദേശിച്ചിരിക്കുകയാണ്. ഇപ്പോൾ അത്രയേ കൈവശമുള്ളൂ. അധികമില്ല. താങ്കൾക്ക് ഹുസൂർ സമക്ഷം രേഖാമൂലം ആവശ്യപ്പെടാം.

അദ്ദേഹം എഴുതി ചോദിച്ചപ്പോൾ അവിടുന്ന് ഗ്രന്ഥത്തിന്റെ ഒരു കോപ്പി അദ്ദേഹത്തിന് നല്കി.

ഹദ്റത്ത് മുൻഷി സഫർ അഹ്മദ് സാഹിബ് (റ) വിവരിക്കുന്നു: ഒരിക്കൽ ഹദ്റത്ത് അഖ്ദസ്(അ)ന്റെ പക്കൽ കസ്തൂരി ഉണ്ടായിരുന്നു. ഞാൻ അവിടുത്തെ സന്നിധിയിൽ അപേക്ഷിച്ചു: 'ഹുസൂർ, എനിക്ക് അല്പം കസ്തൂരി ആവശ്യമുണ്ട്.' ഇത് കേട്ട ഹദ്റത്ത് അഖ്ദസ് (അ) കസ്തൂരി നിറച്ച ചെറിയൊരു കുപ്പി എന്റെ മുന്നി

ലേക്ക് നീക്കിവെച്ചുകൊണ്ട് അരുളി: *'ഇതിൽ നിന്നും ഇഷ്ടമുള്ളത്ര എടുത്തു കൊള്ളുക.'* ഞാൻ അതിൽനിന്നും അല്പം എടുത്തു. അപ്പോൾ ഹദ്റത്ത് അഖ്ദസ്(അ) പുഞ്ചിരിച്ചുകൊണ്ട് അരുളി: *ഇത് തീരെ കുറവാണല്ലോ!* ശേഷം അവിടുന്ന് സ്വയം തന്നെ പത്ത്പതിഞ്ചോളം ഗ്രാം കസ്തൂരി എനിക്ക് നൽകി!

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ സുഹൃത്തുക്കളെ എത്ര അഗാധമായി സ്നേഹിച്ചിരുന്നു എന്നതിന് തെളിവായി ഒരു സംഭവം ഇപ്രകാരം കാണാം. ഹദ്റത്ത് ഹകീം ഫസലുർ റഹ്മാൻ സാഹിബ് (റ) വിവരിക്കുന്നു: എന്റെ ഭാര്യ ഒരു കുഞ്ഞിന് ജന്മം നൽകി. ഏഴാം ദിവസം മഗ്രിബ് സമയത്തോടടുത്തപ്പോൾ അവൾക്ക് അപസ്മാരത്തിന്റെ ലക്ഷണങ്ങൾ പ്രകടമാകാൻ തുടങ്ങി. മഗ്രിബ് നമസ്കാരത്തിന് ശേഷം ഞാൻ ഹദ്റത്ത് അഖ്ദസ് (അ)-ന്റെ സന്നിധിയിലേക്ക് ഓടിച്ചെന്നു. അവിടുന്ന് അരുളി: *ഇത് അപകടകരമായ ഒരു രോഗത്തിന്റെ മുന്നോടിയാണ് ഇത്. നീ ഭാര്യക്ക് കായം നൽകുക, ഒന്ന് ഒന്നര മണിക്കൂറിന് ശേഷം എന്നെ വന്ന് വിവരമറിയിക്കുക.* ഇശാ നമസ്കാരത്തിന് ശേഷം ഞാൻ വീണ്ടും ചെന്ന് രോഗം കൂടുതൽ വഷളായതായി ബോധിപ്പിച്ചു. ഹദ്റത്ത് അഖ്ദസ് (അ) വിവിധ ഔഷധങ്ങൾ നിർദ്ദേശിച്ചുകൊണ്ടേയിരുന്നു; എങ്കിലും രോഗം വർദ്ധിച്ചു കൊണ്ടേയിരുന്നു. അവസാനം രോഗിണി ഛർദ്ദിച്ചു. രോഗം അതിന്റെ അവസാന ഘട്ടമെത്തിയിരുന്നു. അതിനുശേഷം അവളുടെ ശ്വാസമെടുപ്പ് തടസ്സപ്പെടുകയും, കഴുത്ത് പിന്നോട്ട് വലിഞ്ഞ് താഴുകയും, കണ്ണുകളിൽ ഇരുട്ട് പരക്കുകയും, സംസാരശേഷി പൂർണ്ണമായി നഷ്ടപ്പെടുകയും ചെയ്തു. ഞാൻ പടവുകൾ ഓടിക്കയറി ചെന്നു എന്റെ ശബ്ദം കേട്ടയുടൻ ഹദ്റത്ത് മസീഹ്മൗഊദ് (അ) വാതിൽ തുറന്നു. *എന്താണ്, സുഖം തന്നെയല്ലേ?* എന്ന് ആകുലതയോടെ ചോദിക്കുകയും ചെയ്തു. അവസ്ഥ ഇപ്പോൾ അതീവ ഗുരുതരമാണെന്ന് ഞാൻ ബോധിപ്പിച്ചു. എല്ലാ വിവരങ്ങളും വിശദമായി കേട്ട ശേഷം അവിടുന്ന് അരുളി: *ലൗകികമായ എല്ലാ ആയുധങ്ങളും നാം പ്രയോഗിച്ചു കഴിഞ്ഞു. ഇനി ഒരൊറ്റ ആയുധമേ ബാക്കിയുള്ളൂ-ദുആ. നീ പൊയ്ക്കൊള്ളുക! അവൾക്ക് രോഗശാന്തി ലഭിക്കുന്നത് വരെ ഞാൻ ഇനി പ്രാർത്ഥനയിൽ നിന്നും തല ഉയർത്തുകയില്ല!*

ഇത് കേട്ടയുടൻ ഞാൻ തിരികെ വന്ന് ഭാര്യയോട് പറഞ്ഞു: ഇനി നീ പരിഭ്രമിക്കുന്നതെന്തിന്? ഇപ്പോൾ കരാറുകാരൻ സ്വയം ആ ഉത്തരവാദിത്വം ഏറ്റെടുത്തു കഴിഞ്ഞു. ആ സമയം രാത്രി രണ്ട് മണിയായിരുന്നു. ഞാൻ വീട്ടിലെത്തി രോഗിണിയെ അതേ അവസ്ഥയിൽ തന്നെ വിട്ട് തൊട്ടടുത്ത മുറിയിൽ പോയി ഉറങ്ങി. രാവിലെ ഏതോ പാത്രത്തിന്റെ ശബ്ദം കേട്ടാണ് ഞാൻ കണ്ണ് തുറന്നത്; നോക്കുമ്പോൾ എന്റെ ഭാര്യ പൂർണ്ണ ആരോഗ്യവതിയായി എഴുന്നേറ്റിരിക്കുന്നു! അവൾ എന്നോട് പറഞ്ഞു: 'നിങ്ങൾ ഉറങ്ങുകയായിരുന്നു; നിങ്ങൾ പോയി രണ്ട് മണിക്കൂർ കഴിഞ്ഞപ്പോൾ തന്നെ അല്ലാഹു തന്റെ അനുഗ്രഹം ചൊരിഞ്ഞു തന്നു.'

ഹുസൂർ അൻവർ പറഞ്ഞു: തന്റെ സുഹൃത്തുക്കൾക്കായുള്ള വേദനയുടെയും ഉപകാരത്തിന്റെയും ഉന്നതമായ നിലവാരങ്ങളാണ് ഈ സംഭവത്തിൽ നിന്ന് പ്രതിഫലിക്കുന്നത്.

ഒരിക്കൽ ഖാദിയാനിലെ കടുത്ത എതിരാളിയായ ഒരാളുടെ ബന്ധുവിന് കസ്തൂരി ആവശ്യമായി വന്നു. കസ്തൂരി ലഭ്യമല്ലായിരുന്നു എന്ന് മാത്രമല്ല, അത് വളരെ വിലപിടിപ്പുള്ള ഒരു വസ്തു കൂടിയായിരുന്നു. അയാൾ ഹുസൂറിന്റെ വാതിൽക്കൽ ചെന്ന് കസ്തൂരി വേണമെന്ന് ആവശ്യപ്പെട്ടു. ഹുസൂർ ഉടൻ തന്നെ അര തോലയോളം കസ്തൂരി അയാൾക്ക് കൈമാറി.

പ്ലേഗ് രോഗം (ത്വാഊൻ) പടർന്നുപിടിച്ചപ്പോൾ, ദിവ്യവെളിപാടിന്റെയും ദിവ്യജ്ഞാനത്തിന്റെയും അടിസ്ഥാനത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു ഔഷധം ഉണ്ടാക്കാൻ ആരംഭിക്കുകയും അതിന് *തിർയാഖെ ഇലാഹി* അഥവാ ദിവ്യ ഔഷധം എന്ന് പേരിടുകയും ചെയ്തു. ആയിരക്കണക്കിന് രൂപ വിലവരുന്ന വിലപിടിപ്പുള്ള അസംസ്കൃത വസ്തുക്കളും വിലയേറിയ മരുന്നുകളും ചേർത്താണ് ഈ മരുന്ന് തയ്യാറാക്കിയത്. ഈ ഔഷധം തയ്യാറായപ്പോൾ ഹദ്റത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ) അങ്ങേയറ്റത്തെ ഉദാരമനസ്കതയോടെ അത് ജനങ്ങൾക്കിടയിൽ വിതരണം ചെയ്തു. ഖാദിയാന് പുറത്തുനിന്ന് ഈ മരുന്ന് ആവശ്യപ്പെട്ടവർക്ക് സ്വന്തം ചിലവിൽ രജിസ്റ്റേർഡ് പാഴ്സലായി അവിടുന്ന് അത് അയച്ചുകൊടുക്കുകയും ചെയ്തിരുന്നു. ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് (റ) ഒരു കത്തിലൂടെ ഹദ്റത്ത് ഹദ്റത്ത് മസീഹ്

മൗഊദ് (അ)നോട് ഇപ്രകാരംഅപേക്ഷിക്കുകയുണ്ടായി: ഭാര്യ ഗർഭിണിയായതിനാൽ വീട്ടിൽ ഭക്ഷണം തയ്യാറാക്കുന്നതിൽ പ്രയാസമുണ്ട്. ചപ്പാത്തി വാങ്ങിക്കാമെങ്കിലും കറി ഉണ്ടാക്കുക എന്നത് ബുദ്ധിമുട്ടാണ്. അതിനാൽ ലങ്കർ ഖാനയിൽ നിന്നും ഭക്ഷണംഏർപ്പാടാക്കിത്തരണമെന്ന് അദ്ദേഹം അപേക്ഷിച്ചു. ഇത് കേട്ടയുടൻ ഹദ്റത്ത് അഖ്ദസ് (അ) ലങ്കറിന്റെ ഇൻചാർജിന് ഇപ്രകാരം നിർദ്ദേശം നൽകി: *മുഫ്തി സാഹിബിന് ലങ്കറിൽ നിന്നും രണ്ട് നേരവും കറി എത്തിച്ചു നൽകുക.*

ഒരിക്കൽ ഒരു പ്രതിനിധി സംഘത്തെ ഗവേഷണാവശ്യാർത്ഥം നസീബൈൻ എന്ന സ്ഥലത്തേക്ക് അയക്കാൻ തീരുമാനമായി. യാത്രയുടെ ഒരുക്കങ്ങൾക്കായി ഹദ്റത്ത് മസീഹ് മൗഊദ് (അ) സംഘത്തിലെ ഓരോ അംഗത്തിനും അമ്പത് രൂപ വീതം നൽകുകയുണ്ടായി. എന്നാൽ പിന്നീട് ചില കാരണങ്ങളാൽ ആ സംഘത്തിന് പോകാൻ സാധിച്ചില്ല. തുടർന്ന് ആ സംഘത്തിലെ ഒരംഗം തനിക്ക് ലഭിച്ച അമ്പത് രൂപ തിരികെ ഏൽപ്പിക്കാൻ ആഗ്രഹിച്ചപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളി: *നാം ഒരാൾക്ക് എന്തെങ്കിലും നൽകിക്കഴിഞ്ഞാൽ അത് പിന്നീട് തിരികെ വാങ്ങാറില്ല.*

ഒരിക്കൽ ലങ്കറിലെ ചിലവുകൾക്കുള്ള പണം തീർന്നുപോയി. അപ്പോൾ ഹദ്റത്ത് അഖ്ദസ് (അ) അരുളി: ബീബി സാഹിബയുടെ (ഉമ്മുൽ മുഅ്മിനീൻ) പക്കൽ നിന്നും ഈ ആവശ്യത്തിന് തികയുന്ന ഏതെങ്കിലും ഒരു സ്വർണ്ണാഭരണം വാങ്ങി അത് വിറ്റ് ചിലവുകൾക്കുള്ള തുക കണ്ടെത്തുക. എന്നാൽ രണ്ട് ദിവസത്തിന് ശേഷം വീണ്ടും ചിലവുകൾക്ക് പണം ആവശ്യമായി വന്നു. അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുളി: ഭൗതികമാർഗോപാധികൾ മുൻനിർത്തിയാണ് നാം ഏർപ്പാട് ചെയ്തത്. എന്നാൽ ഇനി നമുക്ക് അതിന്റെ ആവശ്യമില്ല; ഇത് ആരുടെ അതിഥികളാണോ , അവൻ തന്നെ ഇതിനുള്ള സംവിധാനവും ചെയ്തുകൊള്ളും. അതിശയമെന്നു പറയട്ടെ, പിറ്റേന്ന് രാവിലെ എട്ട്-ഒൻപത് മണിക്ക് തപാൽക്കാരൻ വന്നപ്പോൾ അവന്റെ കയ്യിൽ പത്തോ പതിനഞ്ചോ മണിഓർഡറുകൾ ഉണ്ടായിരുന്നു! അത് പല സ്ഥലങ്ങളിൽ നിന്നായി അയക്കപ്പെട്ട അമ്പതും നൂറും രൂപ വീതമുള്ള മണിഓർഡറുകളായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ആ മണിഓർഡറുകൾ കൈപ്പറ്റിയ ശേഷം തവക്കുലിനെകുറിച്ച് മനോഹരമായ ഒരു പ്രഭാഷണം നടത്തുകയുണ്ടായി.

ഒരിക്കൽ കടുത്ത ക്ഷാമം ഉണ്ടായപ്പോൾ, ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇക്രാരം കൽപ്പിച്ചു: *ലങ്കറിൽ ചപ്പാത്തിഉണ്ടാക്കികൊണ്ടേയിരിക്കണം, ചപ്പാത്തിഎപ്പോഴുംതയ്യാറായിരിക്കണം. ചപ്പാത്തി ചോദിച്ചുവരുന്ന ഏതൊരാൾക്കും അത് നൽകേണ്ടതാണ്, ആരും തന്നെ വെറുംകൈയോടെ മടങ്ങാൻ ഇടവരരുത്.*

ഹദ്റത്ത് ശൈഖ് ഹാമിദ് അലി സാഹിബ് (റ) വിവരിക്കുന്നു: ജീവിതാവസാനം വരെ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിക്കൽ പോലും എന്നോട് ചിലവുകളുടെ കണക്ക് ചോദിക്കുകയോ എന്നോട് ദേഷ്യപ്പെടുകയോ ചെയ്തിട്ടില്ല. ഹദ്റത്ത് ശൈഖ് അഹ്മദ് ദീൻ സാഹിബ് (റ)നെ ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു ആവശ്യത്തിനായി എങ്ങോട്ടോ അയക്കുകയുണ്ടായി; പിറ്റേന്ന് തന്നെ വേഗം തിരികെ വരണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. അദ്ദേഹം വിവരിക്കുന്നു: പിറ്റേ ദിവസം ഞാൻ വരാൻ അല്പം വൈകി. ഞാൻ ചെന്നപ്പോൾ എന്നെക്കുറിച്ച് ആകുലപ്പെട്ട് ഹദ്റത്ത്മസീഹ് മൗഊദ് (അ) ഇതിനകം തന്നെ മറ്റൊരാളെ അന്വേഷിച്ചുവിട്ടിട്ടുണ്ടായിരുന്നു! ഞാൻ അവിടുത്തെ സന്നിധിയിൽ എത്തിയപ്പോൾ ഏറ്റവും ആദ്യമായി അവിടുന്ന് ചോദിച്ചത് ഇപ്രകാരമായിരുന്നു: *താങ്കൾക്ക് പ്രയാസമൊന്നും ഉണ്ടായില്ലല്ലോ, അല്ലേ?* ഹദ്റത്ത് അഖ്ദസ് (അ) ഇപ്രകാരം സുഖവിവരങ്ങൾ അന്വേഷിച്ചപ്പോൾ എന്റെ മനസ്സ് ഏറെ സന്തുഷ്ടമായി. തുടർന്ന് ഞാൻ യാത്രയുടെ കണക്കുകൾ ഏൽപ്പിക്കാൻ ഒരുങ്ങിയപ്പോൾ അവിടുന്ന് അരുളി: എനിക്കും താങ്കൾക്കും ഇടയിൽ എന്ത് കണക്ക്! ഈ പണം താങ്കൾ സ്വന്തം ആവശ്യങ്ങൾക്കായി ചിലവഴിച്ചുകൊള്ളുക.

ഹദ്റത്ത് ഹകീം മൗലവി നൂറുദ്ദീൻ സാഹിബ് (റ) ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദി(അ)ൽ നിന്നും അല്പം പണം കടമായി വാങ്ങുകയുണ്ടായി. പിന്നീട് അദ്ദേഹം ആ കടം വാങ്ങിയ തുക തിരികെ കൊടുത്തയച്ചപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) അത് ഒട്ടും ഇഷ്ടപ്പെട്ടില്ല. അവിടുന്ന് അരുളി: *താങ്കൾ നമ്മുടെ പണത്തെ സ്വന്തം പണത്തിൽ നിന്നും വ്യത്യസ്തമായിട്ടാണോ കാണുന്നത്?*

ഹദ്റത്ത് ശൈഖ് യഅ്ഖൂബ് അലി സാഹിബ് ഇർഫാനി (റ) എഴുതുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ) മസീഹുവാദം പുറപ്പെടുവിക്കുകയും, 'രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽ നിന്നും അനുഗ്രഹം തേടും'എന്ന് അല്ലാഹു അങ്ങേയ്ക്ക് സുവാർത്ത നൽകിയിട്ടുണ്ടെന്ന വിവരം ജനങ്ങൾ അറിയുകയും ചെയ്ത നാൾ മുതൽ, ആളുകൾ പൊതുവെ അങ്ങയോട് വസ്ത്രങ്ങൾ ചോദിച്ചു വാങ്ങുമായിരുന്നു. അവിടുന്ന് ഒരിക്കൽ പോലും ആരെയും ഇല്ല എന്ന് പറഞ്ഞ് മടക്കാറുണ്ടായിരുന്നില്ല. ചില സമയങ്ങളിൽ അവസ്ഥ എത്രത്തോളമായി എന്ന് വെച്ചാൽ, അങ്ങ് ധരിച്ചിരുന്ന വസ്ത്രങ്ങൾ ഒഴികെ ബാക്കിയെല്ലാ വസ്ത്രങ്ങളും ജനങ്ങൾക്ക് ദാനമായി നൽകുമായിരുന്നു!

ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ വീട്ടിൽ നിന്നും ഒരു പാവപ്പെട്ട സ്ത്രീ അല്പം അരി മോഷ്ടിക്കുകയുണ്ടായി. ആളുകൾ അത് കാണുകയും അവിടെ വലിയ ബഹളമാവുകയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ് (അ) ആ സമയം തന്റെ മുറിയിൽ ജോലി ചെയ്യുകയായിരുന്നു. ബഹളം കേട്ട് അവിടുന്ന് പുറത്തേക്ക് വന്നപ്പോൾ കണ്ടത് ദരിദ്രയും ഗതിയില്ലാത്തവളുമായ ഒരു സ്ത്രീ നിൽക്കുന്നതാണ്. അവളുടെ കയ്യിൽ ഒരുകെട്ട് അരിയുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ് (അ) സംഭവത്തെക്കുറിച്ച് അറിയുകയും ആ പാവം സ്ത്രീയുടെ രൂപം കാണുകയും ചെയ്തപ്പോൾ അങ്ങേയ്ക്ക് അവരോട് അലിവു തോന്നി. അവിടുന്ന് അരുളി: ഇവർ വിശന്നു വലഞ്ഞവളും പരമ ദരിദ്രയുമാണെന്ന് തോന്നുന്നു; അവർക്ക് അല്പം അരി നൽകി യാത്രയാക്കുക, കുറച്ചുകൂടി അധികം നൽകുക; അല്ലാഹുവിന്റെ സത്താർ (ദോഷങ്ങൾ മറച്ചു വെക്കുക എന്ന ഗുണം) എന്ന ശീലം അവലംബിക്കുക.

ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് (റ) ഈ സംഭവം വിവരിച്ചുകൊണ്ട് എഴുതുന്നു: ഈ സംഭവം കാണുമ്പോൾ തിടുക്കം കൂട്ടുന്ന ഏതൊരാൾക്കും വേണമെങ്കിൽ പറയാം; ഇത് മോഷണത്ത പ്രോത്സാഹിപ്പിക്കുന്ന കാര്യമാണ്, അല്ലെങ്കിൽ ഒരു കള്ളിയെ നിങ്ങൾ കൂടുതൽ ധൈര്യശാലിയാക്കുകയാണ് ചെയ്യുന്നത് എന്ന്. എന്നാൽ ആ സമ്പത്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ സ്വന്തമായിരുന്നതിനാലും, അത് വാങ്ങിയ സ്ത്രീ വിശന്നു വലഞ്ഞ ഒരു പാവപ്പെട്ടവളായിരുന്നു എന്നതിനാലും, ഇത് മോഷണത്തെ സഹായിക്കലല്ല, മറിച്ച് യഥാർത്ഥത്തിൽ അഗതികൾക്ക് ഭക്ഷണം നൽകുക എന്ന പുണ്യപ്രവൃത്തിയിൽ പെട്ടതാണ് എന്ന് വിവേകശാലികളായ ആളുകൾക്ക് മനസ്സിലാകും. വിശപ്പിന്റെ കടുത്ത അവസ്ഥയിൽ ഒരുവൻ ഏതെങ്കിലും ഭക്ഷണസാധനം എടുത്തു പോയാൽ, അവനെ നബി കരീം(സ) ഒരു മോഷ്ടാവായി കണക്കാക്കിയിരുന്നില്ല, മറിച്ച് അവിടെ കണ്ണടക്കുകയാണ് ചെയ്യാറ് എന്ന് ഹദീസുകളിൽ നിന്നും സ്ഥാപിതമാണ്. തന്റെ യജമാനനായ മുഹമ്മദ് മുസ്തഫാ(സ)യെ പൂർണ്ണമായി പിന്തുടരുന്നതിന്റെ ഉത്തമ മാതൃകകളാണിത്.

اللّٰھم صل علیٰ محمد و علیٰ عبدک المسیح الموعود و بارک وسلم

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِيَ لَهٗ ـ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ ـ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ وَالْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ ـ

**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**
ISLAMABAD UK ON 03.07.2026
SUMMARIZED BY MAJLIS ANSARULLAH BHARAT
MALAYALAM TRANSLATION BY HARIF MOHAMMED BM
FOR MALAYALAM DESK, QADIAN
PUBLISHED BY NAZARAT NASHR-O-ISHAAT,
SADR ANJUMAN AHMADIYYA QADIAN 143516